സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

തിരുവനന്തപുരം	56
കൊല്ലം	52
പത്തനംതിട്ട	16
ആലപ്പുഴ	33
കോട്ടയം	44
ഇടുക്കി	23
എറണാകുളം	72
തൃശ്ശൂർ	56
പാലക്കാട്	27
മലപ്പുറം	61
കോഴിക്കോട്	33
വയനാട്	15
കണ്ണൂർ	38
കാസർഗോഡ്	29
ആകെ	555

(സി) തൃശ്ശൂർ ജില്ലയിൽ 26 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക നിയമനം

46 (1122) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ആർ.എം.എസ്.എ. സ്കൂളുകളിൽ എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ അദ്ധ്യാപകരെ അനുവദിക്കാത്തതുമൂലം പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ പി.റ്റി.എ. ഫണ്ട് സ്വരൂപിച്ച് അദ്ധ്യാപകരെ നിയമിച്ച് പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം ആർ. എം. എസ്. എ. സ്കൂളുകളിലെ പി. റ്റി. എ. കമ്മിറ്റികൾ ഭരിച്ച കടത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്കൂളുകളിൽ പ്രൊട്ടക്ഷൻ മൂലവും മറ്റും പുറത്തായി ജോലി ഇല്ലാതിരിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.എച്ച്.ആർ.ഡി. അംഗീകരിച്ചവർക്ക് പുറമേയുള്ള തസ്തികകളിൽ അദ്ധ്യയനം നടത്തുന്നതിന് ആവശ്യമായ അദ്ധ്യാപകരില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ഇ.ആർ. നിബന്ധനകൾ പ്രകാരം ആവശ്യമായ അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

യു.പി. ഹൈസ്കൂൾ തലത്തിലേക്ക് ഉയർത്തിയ സ്കൂളുകൾ

47 (1123) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിൻ കീഴിൽ എത്ര സ്കൂളുകളാണ് യു.പി., ഹൈസ്കൂൾ തലത്തിലേക്ക് ഉയർത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) അദ്ധ്യാപകരുടെ കുറവ് ഉള്ള ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി 2009-10-ൽ 60 യു.പി. സ്കൂളുകളും 2010-11-ൽ 36 യു.പി. സ്കൂളുകളും 2011-12-ൽ 16 യു.പി. സ്കൂളുകളും ഹൈസ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. 2009-10-ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ പാപ്പൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ചിട്ടില്ല. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly